ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/10/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**




- ❖ For scientific Ayurvedic treatments with a traditional touch
- ❖ SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- ❖ Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



||ओ३म्||

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 4 ലക്കം 04

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ഭാദ്രപദം – ആശ്വിനം
1192 കന്നി – തുലാം 2016 ഒക്ടോബർ

വാർഷിക വരിസംഖ്യ: ₹60 /- ദീർഘകാലം: ₹1000/-



## മഹർഷി ദയാനന്ദ സരസ്വതി (1825 – 1883)


**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഒക്ടോബർ 2 | : | ഗാന്ധി ജയന്തി |
| ഒക്ടോബർ 4 | : | ശ്യാംജി കൃഷ്ണവർമ്മ ജന്മദിനം |
| ഒക്ടോബർ 11 | : | വിജയദശമി |
| ഒക്ടോബർ 29 | : | ദീപാവലി (ഋഷി നിർവാണദിനം) |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



## *മണ്ഡലം 1 സൂക്തം 6*

*മധുഛന്ദാ ഋഷിഃ ഇന്ദ്രഃ ദേവതാഃ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

**കേതും കൃണ്വന്നകേതവേ പേശോ മര്യാ അപേശസേ।**

**സമൂഷദ്ഭിരജായഥാഃ ॥**

*(ഋഗ്വേദം 1. 6. 3)*

**പദാർത്ഥം:** (മര്യാഃ) അല്ലയോ മനുഷ്യരേ! ഏതൊരുപരമാത്മാവാണ് (അകേതവേ) അജ്ഞാന രൂപിയായ അന്ധകാരത്തിന്റെ വിനാശത്തിനായും (കേതും) ഉത്തമജ്ഞാനവും (അപേശസേ) നിർധനതാ, ദാരിദ്ര്യം, വൈരൂപ്യം എന്നിവയുടെ നാശത്തിനായി (പേശഃ) സ്വർണ്ണം തുടങ്ങിയ ധനങ്ങളും ശ്രേഷ്ഠരൂപവും (കൃണ്വൻ) ഉൽപ്പന്നമാക്കുന്നത്, അദ്ദേഹത്തേയും എല്ലാവിദ്യകളേയും (സമൂഷദ്ഭിഃ) ഈശ്വരാജ്ഞക്കനുകൂലമായി പ്രവർത്തിക്കുന്നവരായറിഞ്ഞ് (അജായഥാഃ) പ്രസിദ്ധനായിതീർന്നാലും. അതേപോലെ അല്ലയോ അറിയാനാഗ്രഹിക്കുന്ന മനുഷ്യരേ! നിങ്ങളും ആ പരമേശ്വരന്റെ സമാഗമത്താൽ (അജായഥാഃ) ഈ വിദ്യയെ അവശ്യം പ്രാപിച്ചാലും.

**ഭാവാർത്ഥം:** മനുഷ്യർ നാലാം പ്രഹരത്തിൽ ആലസ്യം വെടിഞ്ഞ് എഴുന്നേറ്റ് അജ്ഞാനം, ദരിദ്രത എന്നിവയുടെ വിനാശത്തിനായി പ്രയത്നിക്കുന്നവനായി തീർന്ന് ഈശ്വരീയ ജ്ഞാനത്താൽ സാംസാരിക പദാർത്ഥങ്ങളുടെ ഉപകാരത്തിനായും ഉത്തമ ഉപായങ്ങളെ സദാ ചെയ്തുകൊണ്ടിരിക്കണം.

'യദ്യപി മര്യാഃ' ഈ പദത്താൽ ആരുടെ പേരും അറിയപ്പെടുന്നില്ല. എന്നിരുന്നാലും ഈ മന്ത്രത്തിൽ 'ഇന്ദ്ര' എന്നർത്ഥം തന്നെ ഗ്രഹിക്കണം. "അല്ലയോ ഇന്ദ്രാ! നീ പണ്ട് പ്രകാശമില്ലാതിരുന്നിടത്തും പ്രകാശം പരത്തുന്നവനാണ്." മോക്ഷമൂലർസാഹിബ്ബിന്റെ (മാക്സ്മുള്ളർ) ഈ അർത്ഥം ശരിയല്ല. എന്തെന്നാൽ 'മര്യാഃ' എന്ന ശബ്ദം നിഘണ്ടുവിൽ മനുഷ്യനാമമായാണ് വായിക്കുന്നത്. അതേപോലെ 'അജായഥാഃ' എന്ന പ്രയോഗം പുരുഷവ്യത്യയത്തിൽ പ്രഥമപുരുഷന്റെ സ്ഥാനത്ത് മധ്യമപുരുഷ പ്രയോഗമാണ് ചെയ്തിരിക്കുന്നത്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*


# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 4 ലക്കം 04

**വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ഭാദ്രപദം – ആശ്വിനം**
**1192 കന്നി– തുലാം 2016 ഒക്ടോബർ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| ആരോഗ്യവേദി | : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## ഇദം ന മമ



**ഏ**തൊരുവ്യക്തിയാണോ എല്ലാ ജീവജാലങ്ങളേയും സ്നേഹഭാവത്തോടെ കാണുകയും നിഷ്കാമ ഭാവനയാൽ സേവനം ചെയ്യുകയും ചെയ്യുന്നത്, അയാൾക്കാണ് ഈശ്വരപ്രാപ്തി എന്ന ലക്ഷ്യം സാദ്ധ്യമാവുന്നത്. തന്നിലുള്ള വസ്തുക്കളെ കൊണ്ട് സർവ്വവ്യാപിയായ ഈശ്വരന്റെ സൃഷ്ടിയിലെ യാതന അനുഭവിക്കുന്നവരെ സേവിക്കുന്നവാണ് യഥാർത്ഥഭക്തൻ. ശരീരം കൊണ്ടും ധനം കൊണ്ടും ചെയ്യുന്നതു മാത്രമല്ല സേവനം. സേവാഭാവം ആണ് അത്യന്തികമായിവേണ്ടത്. ഈ ജീവിതം സേവനത്തിനായി മാത്രമാണ് എന്നറിഞ്ഞ് പ്രവർത്തിക്കുന്നവനാണ് യഥാർത്ഥ സേവകൻ. തനിക്ക് സേവനം ചെയ്യാനുള്ള കഴിവോ ക്ഷമതയോ ഇല്ലാ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

എന്നാരും കരുതരുത്. ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവും ഒരു പ്രകാരത്തില ല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ സേവനം നടത്തി കൊണ്ടിരിക്കുകയാണ്. ജഡ മായ വൃക്ഷങ്ങളും ജ്ഞാനഹീനരായ മിണ്ടാപ്രാണികളായ പശുക്കൾ വരെ സ്വന്തം ശരീരത്താൽ ഈ സൃഷ്ടിയിലെ അന്യർക്കായി സേവനം ചെയ്യുന്നു. അപ്പോൾ വിവേകവും ചേതനശക്തിയുമുള്ള മനുഷ്യർ സേവനം ചെയ്യുന്നതിൽ എന്താശ്ചര്യമാണുള്ളത്. ഒരു യഥാർത്ഥസേവകന്റെ ഉള്ളിൽ താൻ എങ്ങിനെ കൂടുതൽ പേർക്ക് ഉപകാരിയും സാന്ത്വനവുമാകാൻ കഴിയുമെന്ന ഭാവന ഉണ്ടാവണം. പരോപകാരം ചെയ്യുന്നതുമൂലം സേവകന് ആത്മസംതൃപ്തിയും സുഖവും ലഭിക്കുന്നു.

സേവനത്തേകുറിച്ച് ഗുരുഗോവിന്ദസിംഹന്റെ ജീവിതത്തിലെ ഒരു സംഭവം വളരെ പ്രസക്തമായതാണ്. ഒരിക്കൽ ഗുരുഗോവിന്ദസിംഹൻ തന്റെ പ്രിയപ്പെട്ട സേവകനായ കന്നയ്യയോട് യുദ്ധക്കളത്തിൽ മുറിവേറ്റുകിടക്കുന്നവർക്ക് കുടിവെള്ളം കൊടുക്കാൻ പറഞ്ഞു. യുദ്ധഭൂമിയിൽ മുറിവേറ്റുകിടക്കുന്ന എല്ലാവർക്കും പക്ഷഭേദമന്യേ അയാൾ കുടിവെള്ളം കൊടുക്കാൻ തുടങ്ങി. അതിൽ ശത്രുപക്ഷത്തുള്ള മുഗൾ സൈനികരും ഉണ്ടായിരുന്നു. ഒരാൾ ഇക്കാര്യം ഗുരുഗോവിന്ദസിംഹനെ അറിയിച്ചു. കന്നയ്യയേ വിളിപ്പിച്ച് അദ്ദേഹം കാര്യമന്വേഷിച്ചു. അപ്പോൾ കന്നയ്യ പറഞ്ഞതിപ്രകാരമാണ് “മഹാരാജാവേ! അങ്ങ് പറഞ്ഞത് യുദ്ധക്കളത്തിൽ മുറിവേറ്റവർക്ക് കുടിവെള്ളം കൊടുക്കാനാണല്ലോ. മുറിവേറ്റവർ ശത്രുപക്ഷത്തുമുണ്ടായിരുന്നു. അവരിലെങ്ങിനെ ഞാൻ ഭേദഭാവം കാണും.” കന്നയ്യയുടെ ഈ ഉത്തരം കേട്ട ഗുരുഗോവിന്ദസിംഹൻ പ്രസന്നചിത്തനായി ഇങ്ങിനെ പറഞ്ഞു. “അല്ലയോ കന്നയ്യാ! ചരിത്രം ഏതുവരേക്ക് എന്നെ ഓർക്കുമോ അതുവരേയ്ക്കും നിന്റെ ഈ സേവാഭാവത്തേയും ഓർക്കും”.

യഥാർത്ഥസേവകൻ ഈശ്വരന് പ്രിയപ്പെട്ടവനാണ്. ഈശ്വരന്റെ സംരക്ഷണത്തിൽ കഴിയുന്ന സേവകന് ഒരിക്കലും ഭയം ഉണ്ടാവുകയില്ല. സദാ അഭയനായിരിക്കുന്നത് സമർപ്പണഭാവത്തിന്റെ ഒരംഗമാണ്. എന്നാണോ നമ്മൾ യഥാർത്ഥ സേവകനായി തീരുന്നത് സമർപ്പണം താനേവന്നുകൊള്ളും. സമർപ്പണം സാർത്ഥകമാവുമ്പോൾ ഈശ്വരസാക്ഷാത്ക്കാരത്തിന് താമസം വരില്ല. വേദങ്ങൾ നൽകുന്ന സന്ദേശവും ഇതുതന്നെയാണ്. ‘ഇദം മമ’ (ഇത് എനിക്കാണ്) എന്നല്ലാ മറിച്ച് ‘ഇദം ന മമ’ (ഇത് എനിക്കല്ലാ) എന്നതാണ് നമ്മുടെ ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നത്.

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപ്പത്തി വിഷയഃ

**ചോദ്യം: ഈശ്വരൻ ന്യായകാരിയാണെങ്കിൽ എല്ലാവരുടേയും ഹൃദയത്തിൽ വേദത്തെ എന്തുകൊണ്ട് പ്രകാശിപ്പിച്ചില്ല ! എന്തെന്നാൽ ഈ നാലുപേരുടെ ഹൃദയത്തിൽ മാത്രം പ്രകാശിപ്പിക്കുന്നതിൽ ഈശ്വരനിൽ പക്ഷപാതം ഉണ്ടെന്നുവരില്ലേ?**

**ഉത്തരം:**ഇതിൽ ഈശ്വരന് പക്ഷപാതമുണ്ടെന്ന് തെളിയുന്നില്ലാ എന്നു മാത്രമല്ല. ന്യായകാരിയായ പരമാത്മാവിന്റെ സാക്ഷാത് ന്യായം സ്ഥാപിക്കപ്പെടുകയും കൂടിയാണ് ചെയ്യുന്നത്. എന്തെന്നാൽ കർമ്മത്തിനനുസരിച്ച് ഫലം നൽകുന്നതിനേയാണ് ന്യായമെന്നു പറയുന്നത്. വേദങ്ങളെ പ്രകാശിപ്പിക്കുന്നതിന് യോഗ്യമായ പൂർവ്വാർജ്ജിത പുണ്യം ഈ നാലുപേരിലുണ്ടായിരുന്നെന്ന് അറിഞ്ഞാലും.

**ചോദ്യം: സൃഷ്ടിയുടെ തുടക്കത്തിൽ ഉൽപ്പന്നമായ അവർക്ക് പൂർവ്വാർജ്ജിത പുണ്യം എവിടെ നിന്നു ലഭിച്ചു?**

**ഉത്തരം**: ജീവാത്മാവ്, ജീവാത്മാവിന്റെ കർമ്മം, സ്ഥൂലകാര്യജഗത് എന്നീ മൂന്നും അനാദിയാണ്. ജീവനും കാരണജഗത്തും സ്വരൂപത്തിൽ അനാദിയാണ്. ഇവയുടെ വ്യാഖ്യാനം പ്രമാണങ്ങളോടുകൂടി പിന്നീട് എഴുതാം.

**കിം ഗായത്ര്യാദിച്ഛന്ദോരചനമപീശ്വരേണൈവ കൃതമ്?**
**ഇയം കുതഃശങ്കാƒഭൂത്? കിമീശ്വരസ്യ**
**ഗായത്ര്യാദിഛന്ദോ രചനജ്ഞാനം നാസ്തി?**
**അത്യേവ തസ്യ സർവ്വവിദ്യാവത്ത്വാത് | അതോ നിർമ്മൂലാ സാ ശങ്കാƒസ്തി |**
**ചതുർമുഖേണ ബ്രഹ്മണാ വേദാ നിരമായിഷതേത്യൈതിഹ്യമ്?**

മൈവം വാച്യമ് | ഐതിഹ്യസ്യ ശബ്ദപ്രമാണാന്തർഭാവാത് |ആപ്തോപദേശഃ ശബ്ദഃ|| ന്യായശാസ്ത്രേ അ.1 സൂത്രം 7 || ഇതി ഗൗതമാചാര്യേണോക്തത്വാത് | ‘ശബ്ദ ഐതിഹ്യ’ മിത്യാദി ച || അസ്യൈവോപരി ‘ആപ്തഃ ഖലു സാക്ഷാത്കൃതധർമ്മാ, യഥാ ദൃഷ്ടസ്യാർത്ഥസ്യ ചിഖ്യാപയിഷയാ പ്രയുക്ത ഉപദേഷ്ടാ, സാക്ഷാത്കരണമർത്ഥസ്യാപ്തിസ്തയാ പ്രവർത്തത ഇത്യാപ്തഃ’ ഇതി ന്യായഭാഷ്യേ വാത്സ്യായനോക്തേഃ | അതഃ സത്യസ്യൈവൈതിഹ്യാത്വേന ഗ്രഹണം നാനൃതസ്യ | യത്സത്യപ്രമാണമാപ്തോപദിഷ്ടമൈതിഹ്യം തദ്ഗ്രാഹ്യം, നാതൊ വിപരീതമിതി, അനൃതസ്യ പ്രമത്തഗീതത്വാത് |ഏവമേവ വ്യാസേനർഷിഭിശ്ച വേദാ രചിതാ ഇത്യാദ്യപി മിഥ്യൈവാസ്തീതി മന്യതാമ് | നവീനപുരാണഗ്രന്ഥാനാം തന്ത്രഗ്രന്ഥാനാം ച വൈയർത്ഥാപത്തേശ്ചേതി |

**ഭാഷാർത്ഥം**: (പ്രശ്നം) ഗായത്രി തുടങ്ങിയ ഛന്ദസ്സുകളുടെ രചന ഈശ്വരനാണോ ചെയ്തത്?

**ഉത്തരം**: ഈ സംശയം എവിടെ നിന്നുവന്നു?

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

# വൈദിക ഈശ്വരൻ

കെ.എം. രാജൻ

**അ**ഥർവ്വവേദം 13.4.16–21 – അദ്ദേഹം രണ്ടില്ല, മൂന്നോ നാലോ അഞ്ചോ ആറോ ഏഴോ എട്ടോ ഒമ്പതോ പത്തോ ഇല്ല. അദ്ദേഹം ഒന്നേ ഒന്നുമാത്രമേയുള്ളു. അദ്ദേഹമല്ലാതെ മറ്റൊരു ഈശ്വരനില്ലാ. എല്ലാ ദേവതകളും അദ്ദേഹത്തിൽ വസിക്കുന്നു. അദ്ദേഹത്താൽ നിയന്ത്രിക്കപ്പെടുന്നു. അതിനാൽ അദ്ദേഹം മാത്രമാണ് ഉപാസനായോഗ്യൻ മറ്റാരുമല്ല.

അഥർവ്വവേദം 10.7.38 – ഈശ്വരൻമാത്രമാണ് വലിയവനും ഉപാസനായോഗ്യനുമായിട്ടുള്ളത്. എല്ലാ അറിവുകളുടേയും പ്രവർത്തനങ്ങളുടേയും ഉറവിടം അദ്ദേഹമാണ്.

യജുർവ്വേദം 32.11 – ഈ പ്രപഞ്ചത്തിലെ എല്ലാ ബിന്ദുക്കളിലും ഈശ്വരനുണ്ട്. അദ്ദേഹമില്ലാത്ത സ്ഥലം ഒന്നും തന്നെയില്ല. അദ്ദേഹം സർവ്വശക്തനായതിനാൽ മറ്റേതെങ്കിലും സഹായിയുടേയോ, മാലാഖയുടെയോ, പ്രവാചകന്റെയോ അവതാരപുരുഷന്റേയോ സഹായം തന്റെ പ്രവൃത്തികൾക്ക് ഈശ്വരന് ആവശ്യമില്ല. ഈ തത്ത്വത്തേ അറിയുന്ന ആത്മാക്കൾ മാത്രമേ ഈശ്വരനേ പ്രാപിക്കുകയും അനന്തമായ ഈശ്വരാനുഭൂതി അഥവാ മോക്ഷം നേടുകയും ചെയ്യുകയുള്ളു.

ഈശ്വരൻ ഒന്നേയുള്ളൂവെന്നും ആ ഒരേ ഒരു ഈശ്വരനേമാത്രം നേരിട്ട് ഉപാസിക്കണമെന്നും അവതാരങ്ങൾ, പ്രവാചകൻമാർ, മാലാഖമാർ അഥവാ മറ്റു മധ്യവർത്തികളുടെ സഹായം ഇതിനാവശ്യമില്ലെന്നു വിവരിക്കുന്ന അനേകം മന്ത്രങ്ങൾ വേദങ്ങളിലുണ്ട്.

**ചോദ്യം: ഈശ്വരസാന്നിധ്യം നിങ്ങൾക്കെങ്ങിനെ സ്ഥാപിക്കാനാവും?**

**ഉത്തരം**: പ്രത്യക്ഷവും പരോക്ഷവുമായ തെളിവുകളോടെ.

**ചോദ്യം: ഈശ്വരന്റെ പ്രത്യക്ഷതെളിവുകൾ സാധ്യമല്ല. അതിനാൽ താങ്കൾ എങ്ങിനെ ഈശ്വരസാന്നിധ്യം സ്ഥാപിക്കും?**

**ഉത്തരം**: 1. തെളിവുകൾ എന്നാൽ ജ്ഞാനേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവെന്നർത്ഥം ജ്ഞാനേന്ദ്രിയങ്ങൾക്ക് ഈ അറിവ് അനുഭവിക്കുന്നതല്ലാതെ ഈ അറിവിന്റെ കാരണങ്ങളേകുറിച്ച് അറിയേണ്ടതില്ല. ഉദാഹരണത്തിന് താങ്കൾ ഈ ലേഖനം വായിക്കുമ്പോൾ ഈ ലേഖനകർത്താവിന്റെ സാന്നിദ്ധ്യത്തേ അറിയുന്നില്ല. ഏതാനും അക്ഷരങ്ങളും ചിത്രങ്ങളും മന്ത്രങ്ങളുമാണ് താങ്കളുടെ മുന്നിലെത്തുന്നത് അതിൽ നിന്നും അർത്ഥപൂർണ്ണമായ വാക്യങ്ങളേയും അറിവിനേയും താങ്കൾ ഉൾക്കൊള്ളുന്നു. അതിനാൽ ഈ ലേഖനങ്ങൾക്ക് ഒരു രചയിതാവുണ്ടെന്നും അത് വ്യക്തി ആണെന്നുമുള്ള നിർണ്ണയത്തിൽ താങ്കൾ എത്തുന്നു. ഇത് പരോക്ഷമായ തെളിവാണ് എങ്കിലും 'പ്രത്യക്ഷ'മായി തോന്നുന്നു. അതേപോലെ ജ്ഞാനേന്ദ്രിയങ്ങളാൽ നാം അറിയുന്ന ഈ മുഴുവൻ പ്രപഞ്ചത്തിലുള്ള ഈശ്വരസാന്നിധ്യം നാം മനസ്സിലാക്കുന്നു.

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*



(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*




**ഇ**ത്തരത്തിൽ ചിലർ പറയുന്നു ശ്രാദ്ധം തുടങ്ങിയവയിൽ മരിച്ചുപോയ പിതൃക്കൾ വന്ന് ശ്രാദ്ധത്തിൽ അർപ്പിക്കുന്ന അന്നവും ജലവും സ്വീകരിക്കുന്നുവെന്ന്. അവ ലഭിച്ചില്ലെങ്കിൽ പിതൃക്കൾ പട്ടിണിയും ദാഹവും മൂലം കഷ്ടപ്പെടുമെന്ന്. അങ്ങിനെ എങ്കിൽ ഭക്ഷണവും വെള്ളവും ലഭിക്കാതെ അവർ മരിച്ചുപോവുമെന്നാണോ? ഈ പിതൃലോകത്തിൽ ദാരിദ്ര്യം മാത്രമേയുള്ളൂ? ഇവയുടെ അർത്ഥവും ചിന്തനവും ശരിയല്ല എന്നു സാരം. എന്തെന്നാൽ ദേവലോകത്തും പിതൃലോകത്തും ഒരു കുറവുമില്ല. ഹോമവും ഹവനവും അവരെ ഉദ്ദേശിച്ചുള്ള കർമ്മങ്ങളല്ല എന്നാൽ നല്ല മഴയും അന്തരീക്ഷശുദ്ധതയും ഹോമഹവനാദികളുടെ പ്രഭാവത്തിൽ ഉണ്ടാവുന്നു. അതിനാൽ ഹോമം ചെയ്യണം. ശുദ്ധമായ ജലവും വായുവുമാണ് ആരോഗ്യവും ബുദ്ധിയും നിലനിർത്തുന്നത്. നോക്കൂ! ഇപ്പോൾ പന്ദർപൂരിൽ വിഷൂചിക പരന്നുകൊണ്ടിരിക്കുകയാണ്. അവിടത്തെ ജലവും വായുവും അശുദ്ധമായതാണിതിന്റെ കാരണം. ഹരിദ്വാറിൽ ഒരിക്കൽ മേള നടക്കുകയായിരുന്നു. (വിക്രമസംവത്സരം 1924 ൽ ആ സമയത്ത് ഋഷി ദയാനന്ദനും അവിടെ എത്തിയിരുന്നു.) അവിടത്തെ വായുമലിനീകരണം മൂലം ആയിരങ്ങൾ മരിക്കാനിടയായി. ബ്രഹ്മാണ്ഡത്തിൽ സഞ്ചരിക്കുന്ന വായുവാണ് ജീവന്നാധാരം. വായുവിന്റെ സഞ്ചാരം നന്നായിരുന്നാൽ മാത്രമെ ബ്രാഹ്മാണ്ഡത്തിനു ചുറ്റും വായുവിന് ശുദ്ധത കൈവരുകയുള്ളൂ. ബ്രഹ്മാണ്ഡത്തിലെ വായുവിനെ ശുദ്ധീകരിക്കാൻ യജ്ഞകുണ്ഡത്തിൽ നെയ്യ് തുടങ്ങിയ പുഷ്ടിവർദ്ധകമായ വസ്തുക്കൾ, കസ്തൂരി, കേസരം തുടങ്ങിയ സുഗന്ധിത വസ്തുക്കൾ അടങ്ങിയ ദ്രവ്യം കൊണ്ട് ആഹുതികൾ ചെയ്യണം. സുഗന്ധിത ദ്രവ്യങ്ങളുടെ ജ്വലനത്താൽ ബ്രഹ്മാണ്ഡത്തിലെ വായുവിലുള്ള ദുർഗന്ധം നശിക്കുന്നു. ഈ ഹോമത്താൽ ഉത്പന്നമാവുന്ന സുഗന്ധം കാരണം വായുവിലുള്ള സർവ്വദുഷ്ടദോഷങ്ങളും നശിച്ച് ആരോഗ്യദായകമായിതീരുന്നു.

ആധുനികരായ ചിലർ ചോദിച്ചേക്കാം ഇത്തരം പദാർത്ഥങ്ങളുടെ കണങ്ങൾ അഗ്നിയിൽ ജ്വലിക്കുന്നതോടെ അവയുടെ ഗുണം നഷ്ടപ്പെടുമെന്നതിനാൽ ആരോഗ്യകരമായ അന്തരീക്ഷം ഉണ്ടാക്കുക എങ്ങിനെ എന്ന് ? ഈ വിഷയത്തിന് എന്റെ ആദ്യത്തെ ഉത്തരം ഈ ദ്രവ്യങ്ങൾക്ക് രണ്ടുതരത്തിലുള്ള ഗുണങ്ങളുണ്ട്.

1. സ്വാഭാവികം, 2. സംയോഗജന്യം, ഇവയിൽ സ്വാഭാവികഗുണങ്ങളുടെ നാശം ഒരിക്കലും ഉണ്ടാവുന്നില്ല. സംയോഗജന്യഗുണത്തിന്റെ വിയോഗത്താൽ അവ നശിക്കുന്നു. പദാർത്ഥങ്ങ

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

ളിൽ സ്വാഭാവികഗുണമില്ലെന്ന് വാദിക്കുകയാണെങ്കിൽ സമൂഹത്തിൽ ഗുണങ്ങൾ ഉണ്ടാവുന്നത് എങ്ങിനെയാണ് ?

ഒരുദാഹരണം ഒരു മണിഎള്ളിൽ നിന്ന് വളരെ സ്വൽപ്പം എണ്ണയേ ലഭിക്കുകയുള്ളു. എന്നാൽ ഒരു കൂട്ടം എള്ളിൽനിന്ന് ധാരാളം എണ്ണ ലഭിക്കും. ജലത്തിന്റെ ഒരു തുള്ളിയിലും ശീതളതയുണ്ട്. അതിനാൽ തുള്ളികളുടെ കൂട്ടമായ ജലത്തിന് ശീതളത സ്വാഭാവികധർമ്മമാണ്. സുഗന്ധിത പദാർത്ഥങ്ങൾക്ക് സുഗന്ധം സ്വാഭാവികഗുണമാണ്. അവ അഗ്നിയിൽ ജ്വലിച്ചു കഴിഞ്ഞാൽ പരക്കുന്നു. അവയ്ക്ക് നാശമുണ്ടാകുന്നില്ല.

രണ്ടാമതായി സുഗന്ധിത വസ്തുകത്തുമ്പോൾ ദുർഗന്ധം നശിക്കുന്നു. ഇത് പ്രത്യക്ഷമാണ്. മൂന്നാമതായി നാം സുഗന്ധതൈലത്തേപുറത്തെടുക്കുമ്പോൾ ആ ദ്രവ്യമെങ്ങിനെയാണോ അത്തരത്തിൽ ഗുണവിശേഷത്തോടുകൂടിയ തൈലം പുറത്തുവരുന്നു. തൈലം അഥവാ ആസവ സത്ത്വം അത്തർ തുടങ്ങിയ ദ്രവ്യങ്ങൾ. അഗ്നിയുടെ പരമാണുവിലുള്ള ഗുണം – ആ പരമാണു അത്യന്ത സൂക്ഷ്മമായി മേഘമണ്ഡലം വരെ വ്യാപിച്ച് വായുശുദ്ധിവരുത്തുന്നു.

ഇത്രയും വലിയ ബ്രഹ്മാണ്ഡത്തിലെ വായുവിനെ ചെറിയ ഒരു ഹോമത്താൽ എങ്ങിനെ ശുദ്ധീകരിക്കാനാവും ? സമുദ്രത്തിൽ ഒരു സ്പൂൺ കസ്തൂരി ഒഴിച്ചാൽ മുഴുവൻ സമുദ്രം സുഗന്ധമായിതീരുമോ ? ഇങ്ങിനെ ആരെങ്കിലും ചോദിച്ചേക്കാം.

*(തുടരും)*


**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*മാ നിന്ദത (ഋഗ്വേദം 4. 5. 2)*
*നിന്ദിക്കാതിരിക്കൂ!*



*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



**അ**താ മൊട്ടകുന്നായി കുനിഞ്ഞുനിൽക്കുന്ന മലമുകളിൽ കൊടികുത്തിവാഴുന്ന ചരിത്രപ്രസിദ്ധമായ തിരുവില്വാദ്രീശ മഹാക്ഷേത്രം. സംഭവങ്ങളും സംഭവാസംഭവങ്ങളും അസംഭവങ്ങളുമടങ്ങിയ പല പല ഐതിഹ്യങ്ങൾ തണലേകുന്ന പൗരാണിക പുണ്യഭൂമി. ഭാവനാഗുച്ഛങ്ങൾ സദ്കവിതകൾക്കും കഥാകൃത്തുകൾക്കും മറ്റും സംഭാവന ചെയ്തുപോന്ന സ്വർഗ്ഗവാടിക. ഭക്തർക്ക് മുക്തിദായകമായ തീർത്ഥാടനകേന്ദ്രം.

പാച്ചൻ പ്രകൃതിയുടെ വൈവിദ്ധ്യമാർന്ന ഭാവപ്രകൃതി ദൃശ്യങ്ങളിൽ മുഴുകിയിരിക്കെ നദീതീരത്തുള്ള ലക്കിടി, മങ്കര, പറളി മുതലായ സ്റ്റേഷനുകൾ പിന്നിട്ട് നദിയോട് വിടചൊല്ലി പറളി പാലം കടന്ന് വണ്ടി വാളയാർ മലകളുടെ അടിവാരത്തുള്ള ഒലവക്കോട് ജംഗ്ഷനിലെത്തിച്ചേർന്നു. അവിടത്തെ ദൃശ്യം പാച്ചനെ അത്ഭുതം കൊള്ളിച്ചു.

ലീവുകഴിഞ്ഞ് മടങ്ങുന്നവർ, കേരളത്തിനുപുറത്തുള്ള ജോലിക്കാരായിരിക്കാം വണ്ടിയിൽ കേറികൂടാൻ തലങ്ങും വിലങ്ങും പായുന്നു. റിസർവ്വേഷനുള്ളവർ താങ്ങളുടെ ബോഗി നോക്കി പായുകയാണെങ്കിൽ അതില്ലാത്ത നിർഭാഗ്യവാന്മാർ വാതിലുതോറും മുട്ടി മുട്ടി ജനാലകൾക്കിടയിലൂടെ പെട്ടിയും കിടക്കയും മറ്റും കുത്തിതിരുകി സ്വയം കടന്നുകൂടാൻ ശ്രമിക്കുകയാണ്. ഇറങ്ങുന്നവർ കുറയും. ഏതോ ഐന്ദ്രികഭ്രാമകോപരിപ്ലവസംസ്കാരോഹാര സ്വീകരണാർത്ഥം എങ്ങുനിന്നോവന്നെത്തി ജീവിതമഹാവാഹനത്തിൽ കേറിപ്പറ്റാൻ വെമ്പുന്നവരാണ് കൂടുതൽ പേരും. അതിൽനിന്നകന്നുവേർപെടാനാഗ്രഹിക്കുന്നവരെ കാണാൻ വിഷമിക്കും.

കുടുംബസമേതം പോകുന്നവരുടെ കയ്യിലുള്ള സാമാനങ്ങൾക്ക് കയ്യും കണക്കുമില്ല. പുരുഷന്മാരുടെ തോളിലും കയ്യിലും കക്ഷത്തിലുമെല്ലാം ഭാണ്ഡങ്ങൾതന്നെ. സ്ത്രീകളാണെങ്കിൽ കുട്ടികളെയാണാവക സ്ഥാനങ്ങളിൽ തൂക്കിയിരിക്കുന്നത്. രണ്ടും നാലും ദിവസങ്ങൾ വണ്ടിയിൽ കഴിച്ചുകൂട്ടാൻ വേണ്ട ഭക്ഷണസാധനങ്ങൾ, കിണ്ണം, ഗ്ലാസ്സ്, കൂജ മുതലായവകൂടി ചുക്കുവെള്ളമടക്കം കയ്യിൽ കരുതി പോരുന്ന തമിഴ്ബ്രാഹ്മണരാണ് സാമാനം കെട്ടുന്നതിൽ മുൻപന്തിയിൽ.

“എന്നാ ശുപ്പാമണി, നേത്തേക്കു നാം ശൊന്നത് ഓർമ്മയിരിക്കോ, യില്ല്യോ?” – വണ്ടിയിൽ കേറിയ തന്റെ ബന്ധുവിനെ യാത്രയാക്കാൻ വന്ന മറ്റൊരു ബന്ധു ഓർമ്മിപ്പിച്ചു.

“ഓർമ്മയിരിക്കണ്ണാ, നാൻ മറക്കമാട്ടേൻ, അങ്കേപ്പോന്നാൻ ഐ വിൽ റൈറ്റ് ടു യു. (അവിടെച്ചെന്നാൻ ഞാൻ എഴുതാം) ഉങ്കരാശപ്പനുടെ എസ്.എസ്.എൽ.സി ബുക്ക് പാത്തേൻ നാൻ. നല്ല മാർക്കിരിക്ക്. ടൈപ്പും അവൻ മോശമല്ലെ ഹയറല്ലാമാ ഹയർ. പാർക്കലാം. ഐ വിൽ ട്രൈ ഫോർ ഹിം ആൾറൈറ്റ്” വണ്ടിയിലുള്ള ബന്ധു സമാധാനിപ്പിച്ചു.

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ.എം. രാജൻ*

**ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖ ജ്ഞാനാന്യാത്മനോലിങ്ഗമിതി||**

ഈ ആറും (ഇച്ഛാ, ദ്വേഷം, പ്രയത്നം, സുഖം, ദുഃഖം, ജ്ഞാനം) ആത്മനിഷ്ഠമാണ്.

"തയോരന്യഃ പിപ്പലം സ്വാദ്വത്തി" ഇതിൽ ജീവാത്മാവ് സുഖദുഃഖങ്ങളുടെ ഭോക്താവും പാപ-പുണ്യങ്ങളുടെ കർത്താവുമാണെന്ന് സിദ്ധിക്കുന്നു. അനുഭവത്തിലൂടേയും ജീവാത്മാവ് തന്നെയാണ് കർത്താവും ഭോക്താവുമെന്നതിന് സംശയമുണ്ടാവുന്നില്ല. കേവലം ഇന്ദ്രിയാരാമനായി വിഷയഭോഗരൂപ സ്വന്തം കാര്യത്തിനായാണ് ഇക്കാര്യം ഉണ്ടാക്കിയത്. അതിനാൽ ജീവാത്മാവ് അകർത്താവും അഭോക്താവും പാപ-പുണ്യരഹിതവുമാണെന്ന നവീന വേദാന്തികളുടെ വാദം മിഥ്യയാണ്.

3. മൂന്നാമതായി ഇവർ ജഗത്തിനെ മിഥ്യയായികാണുകയും പറയുകയും അറിയുകയും ചെയ്യുന്നു. ഇത് കേവലം അവിദ്യാന്ധകാരത്തിന്റെ മാഹാത്മ്യമാണ്. ജഗത്ത് സത്യമാണെന്നുള്ളത് പറയേണ്ടകാര്യമില്ല. ഈ പ്രമാണം മാത്രം മതിയാകും.

സൻമൂലാഃ സോമ്യേമാഃ പ്രജാ സദായതനാഃ സൽപ്രതിഷ്ഠാഃ ഇത് ഛാന്ദോഗ്യ ഉപനിഷത് വചനമാണ്.

(അർത്ഥം) – ഏതെന്നിന്റേയാണോ മൂലം സത്യമായിട്ടുള്ളത് അതിന്റെ വിവരണം മിഥ്യയാകുന്നതെങ്ങനെ? അതുപോലെ പരമാത്മാവിന്റെ സാമർത്ഥ്യമാണ് ജഗത്തിന്റെ കാരണം. അതിനാലത് നിത്യമാണ്. എന്തെന്നാൽ പരമാത്മാവ് നിത്യനാണ്. അദ്ദേഹത്തിന്റെ സാമർത്ഥ്യവും നിത്യമാണ്. അതിൽ നിന്നും ജഗത്തുണ്ടായി. അതിനാൽ ഇത് ഒരു പ്രകാരത്തിലും മിഥ്യയല്ല.

"ആദാവന്തെ ച യന്നാസ്തി വർത്തമാനേƒപിതത്തഥാ" ഇങ്ങിനെ ആരെങ്കിലും പറഞ്ഞാൽ അത് ശരിയല്ല. എന്തെന്നാൽ ഏതൊന്നാണോ മുമ്പുണ്ടാവാത്തത് അത് ഒരിക്കലും വരില്ല. വെള്ളമില്ലാത്തകിണറ്റിൽ നിന്ന് വെള്ളം പാത്രം കൊണ്ടു നിറയ്ക്കാനാവില്ല. അതിനാൽ ഈശ്വരന്റെ സാമർത്ഥ്യത്താൽ അഥവാ സാമർത്ഥ്യരൂപമായ ജഗത്ത് പണ്ടുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. ഇനിയുമുണ്ടാവും. എന്നറിയണം.

സംയോഗജന്യമായ പദാർത്ഥം സംയോഗത്തിനുമുമ്പുണ്ടായിരുന്നില്ലാ എന്നും വിയോഗാന്തത്തിൽ ഉണ്ടാവില്ലാ എന്നും ആരെങ്കിലും പറഞ്ഞാൽ അത് വർത്തമാനകാലത്തും ഇല്ലാ എന്നറിയണം.

ഇതിനുള്ള ഉത്തരമിതാണ്. നിലവിലുള്ള പദാർത്ഥങ്ങൾക്ക് മാത്രമാണ് സംയോഗമുണ്ടാവുന്നത്. ഏതൊന്നാണോ ഇല്ലാത്തത് അതിന്റെ സംയോഗം ഒരിക്കലും ഉണ്ടാവില്ല. വിയോഗാന്തത്തിലും രണ്ടുപദാർത്ഥങ്ങളും നിലനിൽക്കുന്നു. എത്രകണ്ടു വിയോഗമുണ്ടായാലും അവസാനത്തിൽ അത്യന്തസൂക്ഷ്മപദാർത്ഥം അവശേഷിയ്ക്കും. ഇതിൽ ഒരു സംശയവും വേണ്ട. സംയോഗവും വിയോഗവും അനിത്യമാണ് എന്ന് ആരു പറഞ്ഞാലും അംഗീകരിക്കാവുന്നതല്ല. എങ്ങിനെയെന്നാൽ ഇന്ന് കാണുന്നതരത്തിൽ സംയുക്തപദാർത്ഥങ്ങൾ പൃഥിവ്യാദി ജഗത്തായിതീരുന്നു. പദാർത്ഥങ്ങളുടെ യോജിക്കാനുള്ള സ്വഭാവമില്ലാതെ അവ ഒരിക്കലും ഒന്നായിതീരുകയില്ല. അതിനാൽ കൂടിച്ചേരുക, പിരിയുക എന്നിവ പദാർത്ഥങ്ങളുടെ ഗുണമാണ്.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി

## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**

തർജ്ജമ: സുരി




**ചോദ്യം 51: നിദ്രയും മൃത്യുവും തമ്മിൽ എന്താണ് വ്യത്യാസം?**

**ഉത്തരം:** നിദ്രയും മൃത്യുവും തമ്മിൽ വളരെ സമാനതകളുണ്ട്. നിദ്രയിൽ ദിവസം മുഴുവനും അദ്ധ്വാനിച്ചതിന്റെ ക്ഷീണം വിട്ടകലുന്നു. വീണ്ടും പ്രഭാതത്തിൽ ഉൻമേഷത്തോടെ എഴുന്നേൽക്കാൻ സാധിയ്ക്കുന്നു. അപ്രകാരം മൃത്യുമുഴുവൻ ജീവിതത്തിന്റേയും ക്ലേശങ്ങളെ നീക്കം ചെയ്യുന്നു. പഴയ ശരീരത്തെ ഉപേക്ഷിച്ച് പുതിയ ശരീരത്തെ പ്രദാനം ചെയ്യുന്നു. പുതിയ ഉൽസാഹത്തോടേയും ലക്ഷ്യങ്ങളോടേയും പുതിയജന്മം ലഭിക്കുന്നു. ജീവാത്മാവ് വീണ്ടും കർമ്മം ചെയ്യുകയും ഔന്നത്യത്തിലേക്കും ഈശ്വരപ്രാപ്തിയിലേയ്ക്കുമുള്ള മറ്റൊരവസരം കൂടി ലഭിക്കുകയും ചെയ്യുന്നു.

നിദ്രയും മൃത്യുവും സഹോദരിമാരെ പോലെയാണ്. മൃത്യു അമ്മയാണെങ്കിൽ ആ അമ്മയുടെ അനുജത്തിയാണ് നിദ്ര. നിദ്ര എത്രത്തോളം ആവശ്യമാണോ അതിലും ആവശ്യമാണ് മൃത്യു. നിദ്രയെ അപേക്ഷിച്ച് മൃത്യുവിനാണ് കൂടുതൽ മഹത്വം. ജീവിതകാലം മുഴുവൻ എത്ര ഉറങ്ങിയാലും അന്തിമമായ നിദ്ര മൃത്യുവിന്റെ മടിത്തട്ടിലാണ്. നിദ്ര കുറച്ചുമണിക്കൂറുകൾ മാത്രം നീണ്ടുനിൽക്കുന്നതാണ്. എന്നാൽ മൃത്യുവിന്റെ മടിത്തട്ടിൽ ഉറങ്ങാൻ കിടന്നവരെ മറ്റാർക്കും ഉണർത്താൻ സാധ്യമല്ല.

നിദ്രയിൽ കുറച്ചു സമയത്തേക്കുമാത്രം ശരീരത്തിന് വിശ്രമവും ആനന്ദവും ലഭിക്കുന്നു. എന്നാൽ മൃത്യുവിൽ ആനന്ദം മാത്രം ലഭിയ്ക്കുന്നു. ജീവിതകാലം മുഴുവനുമുള്ള കഷ്ടതകളിൽനിന്നും എല്ലാ രോഗങ്ങളിൽ നിന്നും മോചനം ലഭിയ്ക്കുന്നു. മൃത്യു എല്ലാവിധ ചിന്തകളേയും ചിതയിൽ ഭസ്മമാക്കികളയുന്നു. ചില സമയങ്ങളിൽ ഉറക്കം വരാതിരിക്കുകയും ഉറക്കം ലഭിയ്ക്കുന്നതിനായി മരുന്നുകളെ ആശ്രയിക്കുകയും ചെയ്യുന്നു. എന്നാൽ മൃത്യുവിന്റെ മടിത്തട്ടിൽ എല്ലാ പ്രാണികൾക്കും എന്നന്നേക്കുമുള്ള ഉറക്കം പ്രാപ്തമാകുന്നു. നിദ്രയേ നിരാകരിക്കാൻ സാധിയ്ക്കും. എന്നാൽ മൃത്യുവിനെ ഒഴിവാക്കാനാവില്ല. അത് എല്ലാവരേയും കഴുത്തിൽ കയ്യിട്ട് സ്വന്തം മടിത്തട്ടിൽ അഭയം നൽകുന്നു. ഇതാണ് നിദ്രയും മൃത്യുവും തമ്മിലുള്ള വ്യത്യാസം.

**ചോദ്യം 52: മരണഭയം എങ്ങിനെയുണ്ടാവുന്നു ?**

**ഉത്തരം** : മൃത്യുവിനേക്കുറിച്ച് ശരിയായ ജ്ഞാനമില്ലാത്തതുകൊണ്ടാണ് അതിനോട് ഭയം തോന്നുന്നത്. നമ്മുടെ സ്വന്തം അജ്ഞതകൊണ്ടാണ് മൃത്യുഭയാനകമായിതോന്നുന്നത്. ഇതിനേകുറിച്ച് യഥാർത്ഥ ജ്ഞാനം ലഭിച്ചാൽ മൃത്യുഭയം അകന്നുപോകും. മൃത്യു എല്ലാവർക്കും നിശ്ചയമായും സംഭവിയ്ക്കുന്ന ഒന്നാണ്. അതുകൊണ്ട് മൃത്യുവിനെ എന്തിന് ഭയപ്പെടണം? ഭയം കൂടന്തോറും മൃത്യു കൂടുതൽ കൂടുതൽ ഭയാനകമായിതീരുന്നു. മൃത്യുവിന് ശേഷം ജന്മമുണ്ടെന്ന് മനസ്സിലാക്കിയാൽ മൃത്യു വളരെ സരളമായി തോന്നുന്നതാണ്. ഒരു സാധാരണ മനുഷ്യന് മുന്നിൽ മരണം സംഭവിച്ചാൽ അവൻ വളരെയധികം ഭയപ്പെട്ടുപോകുന്നു. എന്നാൽ ജ്ഞാനം സമ്പാദിച്ച് മൃത്യുവിനെ പിറകിലാക്കിയ ഒരാൾക്ക് ഒരിക്കലും അതിനോട് ഭയം തോന്നുകയില്ല. അതായത് മൃത്യുഭയം ഇല്ലാതാക്കുന്നതിനുള്ള മാർഗ്ഗം ജ്ഞാനം സമ്പാദിയ്ക്കുകയെന്നതാണ്.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

*(മുൻ ലക്കത്തിന്റെ തുടർച്ച)*


**ആര്യവീർ ദളം – ബാലപംക്തി**

**ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## മഹർഷി ദയാനന്ദ സരസ്വതി



### തിയോസഫിക്കൽ സൊസൈറ്റിയുമായുള്ള ബന്ധം

ക്രിസ്തുവർഷം 1875 ൽ കേണൽ ഓൽക്കോട്ടും മാഡം ബ്ലാവത്സ്കിയും അമേരിക്കയിൽ നിന്നും സഹരൻപൂരിലെത്തി സ്വാമിജിയെകണ്ടു. കേണൽ ഓൽക്കോട്ട് തിയോസഫിക്കൽ സൊസൈറ്റിയുടെ സഭാപതിയായിരുന്നു. അദ്ദേഹം അമേരിക്കയിലായിരുന്നു. സ്വാമിജിയെ തന്റെ സംഘടനയുടെ ആചാര്യനായി സ്വീകരിച്ചിരുന്നു. തൽഫലമായി തിയോസഫിക്കൽ സൊസൈറ്റിയുടെ അംഗങ്ങൾ ആര്യസമാജികരായി തീർന്ന് അവരുടെ പ്രവർത്തനം വിപുലപ്പെടുത്തികൊണ്ടിരുന്നു. കേണലും മാഡവും യോഗവിഷയത്തിൽ സ്വാമിജിയിൽ നിന്നും അറിവ് നേടി. എന്നാൽ ഏതാനും അഭിപ്രായവ്യത്യാസങ്ങൾ ക്രമേണ ഉണ്ടായതിനാൽ സ്വാമിജി തിയോസഫിക്കൽ സൊസൈറ്റിയുമായ ബന്ധം അവസാനിപ്പിച്ചു.

### കാശിയിലേക്ക് ഏഴാമത്തെ പ്രചാരയാത്ര

സ്വാമിജി ഏഴാമതും കാശിയിലെത്തി. എപ്പോഴെല്ലാം സ്വാമിജി കാശിയിൽ എത്തിയിരുന്നുവോ അപ്പോഴെല്ലാം അവിടത്തെ പണ്ഡിതരുമായി ശാസ്ത്രാർത്ഥത്തിന് സ്വാമിജി അവരെ ക്ഷണിച്ചിരുന്നു. എന്നാൽ സ്വാമി ദയാനന്ദനു മുന്നിൽ വരാൻ അവരാരും ധൈര്യപ്പെട്ടില്ല. എന്നാൽ ഇക്കുറി സ്വാമിജിയുടെ മന്തവ്യാമന്തവ്യത്തെ ഖണ്ഡിക്കുന്ന ഒരു പുസ്തകം 'പ്രഥമ നിവേദൻ' എന്ന പേരിൽ രാജാ ശിവപ്രസാദ് പുറത്തിറക്കിയിരുന്നു. സ്വാമിജിയുടെ കാഴ്ചപ്പാടുകൾ ശാസ്ത്രവിരുദ്ധമാണെന്ന് വരുത്തിതീർക്കാനുള്ള ഒരു ശ്രമം ഈ പുസ്തകത്തിലുണ്ടായിരുന്നു. ഇതിനുമറുപടിയായി 'ഭ്രമോഛേദനം' എന്ന ഒരു ലഘു പുസ്തകം സ്വാമിജി പുറത്തിറക്കി.

### സ്വാമിജിയുടെ പ്രഭാഷണത്തിന് വിലക്ക്

സ്വാമി ദയാനന്ദന്റെ പ്രഭാഷണങ്ങൾ കാശിയിൽ വൻവിവാദങ്ങൾക്ക് വഴിതെളിച്ചു.വിഗ്രഹാരാധനയേ ശക്തമായി ഖണ്ഡിക്കുന്ന പ്രഭാഷണങ്ങൾക്കെതിരായി പൗരാണികർ സർക്കാർ ഉദ്യോഗസ്ഥരെ സമീപിച്ച് ഗൂഢാലോചന നടത്തി ബ്രിട്ടീഷ് ജഡ്ജിയേകൊണ്ട് സ്വാമിജിയുടെ പ്രഭാഷണങ്ങൾക്ക് വിലക്കേർപ്പെടുത്തി. മിക്കവാർത്താപത്രങ്ങളും സർക്കാരിന്റെ ഈ നിലപാടിനെ വിമർശിച്ച് രംഗത്ത് വന്നു. തുടർന്ന് ഈ വിലക്ക് നീക്കി മജിസ്ട്രേറ്റ് പ്രായശ്ചിത്തം ചെയ്തു. ഇത്തവണ ആറുമാസത്തോളം സ്വാമിജി കാശിയിൽ താമസിച്ചു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

ജാതവേദൻ

**പാഠം 5** **വാനപ്രസ്ഥ – സന്യാസാശ്രമങ്ങൾ**

***ചോദ്യം 19 : പരിവ്രാജകൻ എന്നു പറയുന്നത് ആരെയാണ് ?***

**ഉത്തരം** : സന്യാസിയേയാണ് പരിവ്രാജകനെന്നു പറയുന്നത്.

**ചോദ്യം 20 : വൈരാഗ്യത്തിന്റെ അർത്ഥമെന്താണ് ?**

**ഉത്തരം** : ലൗകിക വിഷയങ്ങളിൽ ആകൃഷ്ടനാവുന്നതിനുള്ള ആഗ്രഹം ഇല്ലാതാവലാണ് വൈരാഗ്യം.

**പാഠം – 6**

**രാജധർമ്മം**

**ചോദ്യം 1 : രാജധർമ്മത്തിന്റെ അർത്ഥമെന്താണ് ?**

**ഉത്തരം** : പ്രജകളോട് രാജാവിനുള്ള കർത്തവ്യങ്ങൾക്കാണ് രാജധർമ്മമെന്ന് പറയുന്നത്.

**ചോദ്യം 2 : രാജ്യം ഭരിക്കാനുള്ള അധികാരമാർക്കാണ് ?**

**ഉത്തരം** : ന്യായപ്രിയനും വേദങ്ങളെ മാനിയ്ക്കുന്നവനുമായ ക്ഷത്രിയൻമാർക്കാണ് രാജ്യം ഭരിക്കാനുള്ള അധികാരം.

**ചോദ്യം 3 : രാജ്യത്ത് എത്രതരം സഭകൾ ഉണ്ടായിരിക്കണം ? അവ ഏവ ?**

**ഉത്തരം** : രാജ്യത്തിനകത്ത് താഴേപറയുന്ന മൂന്നുസഭകൾ ഉണ്ടായിരിക്കണം

1. വിദ്യാസഭ, 2. ധർമ്മസഭ, 3. രാജസഭ

**ചോദ്യം 4 : ഈ മൂന്നുസഭകളും ആരുടെ അധീനത്തിലാവണം ?**

**ഉത്തരം** : രാജാവിന്റെ അധീനത്തിലാവണം ഈ മൂന്നു സഭകളും

**ചോദ്യം 5 : രാജാവ് സ്വതന്ത്രനാണോ ?**

**ഉത്തരം** : അല്ല, രാജാവ് മൂന്നു സഭകൾക്കും അധീനനാണ്.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

**ആരോഗ്യവേദി**

*(മുൻ ലക്കത്തിന്റെ തുടർച്ച)*



## ആധുനിക വൈദ്യശാസ്ത്രവും അലോപ്പതിയും

ഡോ. മുരളീകൃഷ്ണൻ. ആർ
എം. ബി. ബി. എസ്, ഡി. എ, ഡി. എഫ്. എച്ച്

**പി**ന്നീടുണ്ടായ പല കാര്യങ്ങളും വൈദ്യത്തിന്റെ മുഖമുദ്ര മാറ്റി, പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ അണുവിമുക്ത ശസ്ത്രക്രിയ, സമ്മോഹനശാസ്ത്രം എന്നിവയുടെ കണ്ടുപിടിത്തം വൈദ്യത്തെ ശാസ്ത്രമാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു. ഊർജ്ജതന്ത്രത്തിലുണ്ടായ കണ്ടുപിടിത്തങ്ങളും ഉപകരണ നിർമ്മാണ വിദ്യയും വൈദ്യശാസ്ത്രത്തിൽ ഉപയോഗിക്കപ്പെട്ടു. സൂക്ഷ്മനിരീക്ഷിണിയുടെ നിർമ്മാണം രോഗാണുവിജ്ഞാനീയത്തിനും, രോഗാവസ്ഥാശാസ്ത്രത്തിനും അടിത്തറ ഭദ്രമാക്കിക്കൊടുത്തു.

ഇതേ സമയം പാതാളദേശത്ത് (അമേരിക്ക) വൈദ്യ വിദ്യാഭ്യാസം പുതിയ മാനങ്ങൾ നേടുകയായിരുന്നു. അബ്രഹാം ഫ്ളെക്സ്നർ എന്ന വിദ്യാഭ്യാസ വിചക്ഷണൻ വൈദ്യവിദ്യാഭ്യാസ രംഗത്ത് രോഗാണുവിജ്ഞാനീയം പഠിപ്പിക്കേണ്ടതിൻെറ ആവശ്യകത തിരിച്ചറിഞ്ഞു. രോഗനിദാനശാസ്ത്രത്തിൽ രോഗാണുവിജ്ഞാനീയം പഠിപ്പിക്കുവാൻ, എതിർപ്പുകളെ അവഗണിച്ചുകൊണ്ട് നിർദ്ദേശിച്ചു. അദ്ദേഹം നിലവിലുണ്ടായിരുന്ന വൈദ്യവിദ്യാഭ്യാസ രീതിയെ ഉടച്ചുവാർത്തു.

20-ാം നൂറ്റാണ്ട് വൈദ്യശാസ്ത്രത്തെ വളരെയധികം മുമ്പോട്ട് തള്ളിവിട്ടു. രസതന്ത്രങ്ങൾ ചെടികളിലും ജന്തുക്കളിലും ഉള്ള രാസപദാർത്ഥങ്ങളെ വേർതിരിച്ചെടുക്കുന്നതിനും പരീക്ഷണശാലകളിൽ അതേ രാസപദാർത്ഥങ്ങളെ കൃത്യമമായി നിർമ്മിച്ചെടുക്കുന്നതിനും വിജയിച്ചു.വേർതിരിച്ചെടുക്കപ്പെട്ട രാസപദാർത്ഥങ്ങൾ മുമ്പ് നൽകിപ്പോന്നിരുന്ന കഷായങ്ങളുടെയും മറ്റും ഫലങ്ങൾ നൽകുന്നുണ്ടോ എന്ന് നിരീക്ഷിക്കപ്പെട്ടു. ഇത് ഫലദായക ഘടക (ആക്ടീവ് ഇൻഗ്രിഡിയന്റ്) മെന്ന രാസപദാർത്ഥങ്ങളുടെ വേർതിരിവിലേക്കും ഉപയോഗത്തിലേക്കും വഴിവെച്ചു.

1846 ഒക്ടോബർ 16-ാം തിയ്യതി സമ്മോഹനശാസ്ത്രത്തിന്റെ ആവിഷ്ക്കാരം ശസ്ത്രക്രിയാവിദ്യയെ പുതിയ പന്ഥാവിലേക്ക് തിരിച്ചുവിട്ടു. വേദനയില്ലാത്ത പ്രസവം മാതൃമരണനിരക്ക് കുറയ്ക്കുവാൻ വളരെയധികം സഹായിച്ചു. സമ്മോഹനശാസ്ത്ര (അനസ്തോളജി)ത്തിന്റെ പിതാവായി വില്ല്യം തോമസ് ഗ്രീൻ മോർട്ടൻ അറിയപ്പെടുന്നു. ക്രമേണ ഊർജ്ജതന്ത്ര, രസതന്ത്ര, ജീവശാസ്ത്ര, സാങ്കേതികശാസ്ത്ര നേട്ടങ്ങളെ ഉൾക്കൊണ്ടുകൊണ്ട് വൈദ്യശാസ്ത്രം പുരോഗമിച്ചു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സർ വില്യം ഓസ്ലർ വൈദ്യവിദ്യാർത്ഥികളെ ആശുപത്രി വാർഡുകളിൽ പഠനങ്ങൾക്കായി നിയമിച്ചു. രോഗികളെ നേരിട്ടു കണ്ട് രോഗനിർണ്ണയം നടത്തി അധ്യാപകനുമായി ചർച്ച ചെയ്തു സംശയനിവാരണം നടത്തി പഠിക്കുക എന്ന രീതി ആധുനിക വൈദ്യശാസ്ത്ര രംഗത്ത് നടപ്പിൽ വരുത്തിയതു വില്ല്യം ഓസ്ലർ ആണ്. കാലക്രമത്തിൽ, പുതിയ പഠനരീതികൾ പുതിയ സാങ്കേതികവിദ്യ എന്നിവയെ സമന്വയിപ്പിക്കാനും തദ്വാരാ ശരീരത്തിലും ഘടനയിലും കൂടുതൽ ഇടപെടാനും വൈദ്യശാസ്ത്രത്തിനും സാധിച്ചു. സാങ്കേതിക വിദ്യാരംഗം വൈദ്യശാസ്ത്രത്തെ അടിമുടി മാറ്റി. ഇന്ന് അലോപ്പതി എന്ന ചികിത്സാരീതി നിലവിലില്ല. ആധുനിക വൈദ്യശാസ്ത്രമാണ് ആ സ്ഥാനത്ത് പഠിപ്പിക്കുന്നത്. അതേക്കുറിച്ച് വീണ്ടും ചർച്ച ചെയ്യാം.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## 'സത്യപ്രകാശം' വൈദിക ശിൽപ്പശാല

### ഈശ്വരനുണ്ടോ?....









വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്ത്വത്തിൽ കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ച് സെപ്തംബർ 16,17,18 തിയ്യതികളിൽ 'സത്യപ്രകാശം' എന്ന വൈദിക ശിൽപ്പശാല നടത്തി. ഈശ്വരൻ എന്ന വിഷയത്തെ അധികരിച്ച് വേദശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലുള്ള ക്ലാസ്സുകളും ചർച്ചകളും നടന്നു. ആര്യസമാജത്തിലെ ശാസ്ത്രാർത്ഥ പണ്ഡിതനായ (മതസംവാദ വിദഗ്ദ്ധക്തൻ) ആചാര്യ ആനന്ദപുരുഷാർത്ഥിയുടെ മാർഗ്ഗദർശനത്തിൽ നടന്ന ഈ ശിൽപ്പശാലയിൽ സർവ്വശ്രീ. ഡോ. പി.കെ. മാധവൻ, ഡോ. ശ്രീനാഥ് കരയാട്ട്, ഡോ. ശശികുമാർ നെച്ചിയിൽ, വി. ഗോവിന്ദദാസ്, കെ.എം. രാജൻ, എസ്. ശ്രീധര ശർമ്മ എന്നിവർ ക്ലാസ്സുകൾ എടുത്തു. ഗുരുകുലത്തിലെ ബ്രഹ്മചാരികളുടെ യോഗാ പ്രദർശനവും നടന്നു.

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*